**നം.എച്ച്2/44444/2017/ഡി.പി.ഐ.**

**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ**
**കാര്യാലയം, തിരുവനന്തപുരം**
**തീയതി : 28.07.2017**

പ്രേഷിതാവ്
പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

സർ,

വിഷയം :- **പൊതുവിദ്യാഭ്യാസം - സർക്കാർ സ്കൂളുകളിലെ തസ്തിക നിർണയം 2017-18 - അധിക ഡിവിഷനുകളുടെയും തസ്തികകളുടെയും വിവര ശേഖരണം സംബന്ധിച്ച്.**

സൂചന :- ഈ കാര്യാലയത്തിൽ നിന്നുള്ള 25.07.2017 ലെ ഇതേ നമ്പർ കത്ത്.

സൂചനയിലെ കത്തിലേക്ക് ശ്രദ്ധക്ഷണിച്ചുകൊണ്ട് താഴെപറയുന്ന വിവരങ്ങൾ അറിയിക്കുന്നു.

തസ്തിക നിർണയം സംബന്ധിച്ച വിവരശേഖരണത്തിനായി ഐ.ടി@സ്കൂളിന്റെ സൈറ്റിൽ വിവരങ്ങൾ എന്റർ ചെയ്തു തുടങ്ങിയിട്ടുണ്ടാകുമല്ലോ. സർക്കാർ സ്കൂളുകളിലെ അധിക ഡിവിഷനുകളുടെയും തസ്തികകളുടെയും (2017-18) എണ്ണം എന്റർ ചെയ്യുന്നതിനായി പുതിയ 2 പേജുകൾകൂടി ഇതിൽ ചേർത്തിട്ടുള്ളത് കാണുക. സർക്കാർ സ്കൂളുകളുടെ പേരിൽ ക്ലിക്ക് ചെയ്യുമ്പോൾ താഴെപറയുന്നവ ലഭ്യമാകും.

1. Number of divisions additionally sanctioned.
2. Number of posts additionally sanctioned.

ഇതിൽ ഓരോന്നിലും Number of divisions reduced / Number of posts reduced എന്ന ഭാഗവും ഉണ്ടാകും. ഇതിൽ വിവരങ്ങളൊന്നും എന്റർ ചെയ്യേണ്ടതില്ല. സർക്കാർ സ്കൂളുകളെ സംബന്ധിച്ച് 2017-18 ൽ അനുവദിച്ച അധിക ഡിവിഷനുകളുടെയും അധിക തസ്തികകളുടെയും വിവരങ്ങൾമാത്രം എന്റർ ചെയ്താൽ മതി. അധിക ഡിവിഷനോ, തസ്തികയോ ഇല്ലാത്ത സ്കൂളുകളുടെ കാര്യത്തിൽ Nil സെലക്ട് ചെയ്ത് സേവ് ചെയ്യാൻ മറക്കരുത്. എയ്ഡഡ് സ്കൂളിലെ വിവരങ്ങൾ കൺഫേം ചെയ്യുന്ന അവസരത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടർമാർ സർക്കാർ സ്കൂളിലെ വിവരങ്ങളും കൺഫേം ചെയ്യേണ്ടതാണ്.

സർക്കാർ / എയ്ഡഡ് സ്കൂളുകളിലെ ഹെഡ് ടീച്ചർ വേക്കൻസികളിലെ അധിക തസ്തികകൾ എന്റർ ചെയ്യുമ്പോൾ LPSA (HTV), UPSA (HTV) എന്നിവയിലൊന്ന് സെലക്ട് ചെയ്യേണ്ടതാണെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ,

**ജെസ്സി ജോസഫ്**
പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)
**(പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി)**